	1991-96	1996-2001
തിരുവനന്തപുരം	19994	20544
കൊല്ലം	2951	4285
പത്തനംതിട്ട	3190	2777
ആലപ്പുഴ	2328	3688
കോട്ടയം	3344	4141
ഇടുക്കി	3246	3860
എറണാകുളം	5829	7287
തൃശ്ശൂർ	4376	5735
പാലക്കാട്	6046	7046
മലപ്പുറം	9134	9603
കോഴിക്കോട്	6673	6319
വയനാട്	3538	2973
കണ്ണൂർ	6496	5476
കാസർഗോഡ്	5773	6036
ആകെ	82918	89770

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് പരാതി

222 (224) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവർക്ക് സീനിയോറിറ്റി പ്രകാരം ഒഴിവുവരുന്ന ഉദ്യോഗ നിയമനങ്ങൾക്കായി ഇന്റർവ്യൂവിന് കാർഡ് അയയ്ക്കുന്നത് സാധാരണ തപാലിലാണോ ;

(ബി) സീനിയോറിറ്റി പ്രകാരം അർഹതപ്പെട്ട പല ഉദ്യോഗാർത്ഥികൾക്കും കാർഡയച്ചുവെന്ന് രേഖയുണ്ടാക്കിവെച്ച് കാർഡ് അയയ്ക്കാതിരിക്കുകയും ചില ജീവനക്കാർക്ക് താല്പര്യമുള്ള ഉദ്യോഗാർത്ഥികൾക്കുമാത്രം കാർഡയയ്ക്കുകയും ചെയ്യുന്ന പ്രവണത ചില എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തുടരുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരത്തിലുള്ള പരാതിയും അപാകതയും പൂർണ്ണമായും ഒഴിവാക്കുന്നതിന് വേണ്ടി സീനിയോറിറ്റി പ്രകാരം അർഹതപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യൂവിന് അറിയിപ്പ് അയയ്ക്കുമ്പോൾ സർട്ടിഫിക്കറ്റ് ഓഫ് പോസ്റ്റിംഗ് മുഖേനയോ, രജിസ്റ്റേർഡ് തപാലായോ അയയ്ക്കുന്നതിന് നടപടി കൈക്കൊള്ളുവാൻ ഉത്തരവ് നൽകുമോ ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുന്ന ഒഴിവുകൾക്ക് സീനിയോറിറ്റി പ്രകാരമുള്ള ലിസ്റ്റ് തയ്യാറാക്കി ഉദ്യോഗദായകന് അയച്ചു കൊടുക്കുകയും, ഉദ്യോഗദായകൻ നിയമനത്തിനുള്ള ഇന്റർവ്യൂ കാർഡ് അയയ്ക്കുകയുമാണ് പതിവ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാർഡ് അയച്ചതായി രേഖയുണ്ടാക്കിയ രണ്ടു കേസുകൾ ശ്രദ്ധയിൽപ്പെടുകയും അതിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കെതിരെ ശിക്ഷണ നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല, ഇപ്രകാരം തെറ്റായി നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളെ പിരിച്ചുവിടുവാൻ എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ നിന്നും നിർദ്ദേശം നൽകുകയും അതനുസരിച്ച് പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്.

(സി) ഉദ്യോഗ നിയമനത്തിനുള്ള ഇന്റർവ്യൂ കാർഡ് അയയ്ക്കുന്നത് പലപ്പോഴും ഉദ്യോഗദായകനാണ്. എംപ്ലോയ്മെന്റ് ഓഫീസിൽ നിന്നും കാർഡുകൾ അയയ്ക്കുമ്പോൾ സർട്ടിഫിക്കറ്റ് ഓഫ് പോസ്റ്റിംഗ് വച്ച് മാത്രമേ അയയ്ക്കാവൂ എന്ന് ഇപ്പോൾ തന്നെ നിർദ്ദേശം നിലവിലുണ്ട്.

വികലാംഗർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നൽകുന്നതിന് നടപടി

223 (225) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗർക്കുള്ള മൂന്ന് ശതമാനം റിസർവേഷന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ രജിസ്ട്രേഷൻ പ്രകാരം കൊല്ലം ജില്ലയിൽ അർഹതയുള്ള എത്രപേരുണ്ട് ;

(ബി) പ്രസ്തുത റിസർവേഷൻ പ്രകാരം ഇനി എത്ര പേർക്ക് ഈ വർഷം നിയമനം നൽകുവാൻ കഴിയും ;

(സി) ജി.ഒ. (പി) 20/98/പി ആന്റ് എ.ആർ.ഡി തീയതി 14-7-1998 അനുസരിച്ച് നാളിതുവരെ ആർക്കെല്ലാം ഏതെല്ലാം തസ്തികകളിൽ നിയമനം നൽകി ;

(ഡി) ഇനി നിയമനം നൽകേണ്ടവരുടെ മുൻഗണനയനുസരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ;

(ഇ) ശ്രീമതി സലീന, വടക്കുമുറി, പടനായർകുളങ്ങര, കരുനാഗപ്പള്ളി, അർഹതയുള്ളവരുടെ ലിസ്റ്റിലുണ്ടോ ഉണ്ടെങ്കിൽ വിശദമാക്കാമോ ;

(എഫ്) പ്രസ്തുത നിയമന നടപടികൾ എന്നത്തേയ്ക്ക് ആകുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 3769 ഉദ്യോഗാർത്ഥികളുണ്ട്.

(ബി) ഒളിവുകളുടെ എണ്ണം എത്രയെന്ന് അറിവില്ലാത്തതിനാൽ നിയമനം സംബന്ധിച്ച് വിവരം കൃത്യമായി നൽകാൻ സാദ്ധ്യമാകുന്നതല്ല. ഉദ്യോഗദായകർ ഒഴിവുകൾ അറിയിക്കുന്ന മുറയ്ക്ക് ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ഉദ്യോഗദായകന് അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly